

# അയൽക്കൂട്ടങ്ങളിലൂടെ ട്രൈബൽ മേഖലയിലെ ഞങ്ങളുടെ പ്രത്യേക ക്യാമ്പെയ്ൻ



എസ്. ഹരികിഷോർ ഐ എ എസ്
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

കേരളത്തിലെ ട്രൈബൽ മേഖലയിൽ കൂടുതൽ കാര്യക്ഷമതയോടെ ഇടപെടാൻ കുടുംബശ്രീയുടെ നേതൃത്വത്തിൽ ഒരു പുതിയ ക്യാമ്പെയ്ൻ ആസൂത്രണം ചെയ്യുകയാണ്. 2019 ഡിസംബർ മുതൽ 2020 മാർച്ച് വരെ നീണ്ടു നിൽക്കുന്ന ഈ ക്യാമ്പെയ്നിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെയും ഊരുകളുടെയും അടിസ്ഥാന ആവശ്യങ്ങൾ മനസ്സിലാക്കാൻ ലക്ഷ്യമിടുന്നു.

കേരളത്തിൽ ആകെ 4,26,208 ആദിവാസി വിഭാഗത്തിൽപ്പെട്ടവരാണുള്ളത്. ഇവര് 6,409 ഊരുകളിലായാണ് താമസിക്കുന്നത്. കുടുംബശ്രീയുടെ നേതൃത്വത്തിൽ ആദിവാ

സി മേഖലയിൽ 6,978 അയൽക്കൂട്ടങ്ങളാണുള്ളത്. അതിൽ 1,24,904 പേർ ഈ അയൽക്കൂട്ടങ്ങളിൽ അംഗങ്ങളാണ്. കുടുംബശ്രീയുടെ നേതൃത്വത്തിൽ അടുത്ത നാല് മാസം നടത്താനുദ്ദേശിക്കുന്ന ഈ ക്യാമ്പെയ്ന്റെ ആദ്യ ലക്ഷ്യം ഓരോ ഊരുതലത്തിലും അയൽക്കൂട്ടങ്ങളുടെ യോഗം വിളിച്ചുചേർത്തുകൊണ്ട് ഊരിന്റെ വികസനത്തിനായുള്ള പദ്ധതി രൂപീകരിക്കുകയെന്നതാണ്. ഊരുതലത്തിലുള്ള ആവശ്യങ്ങൾ, അത് അടിസ്ഥാന സൗകര്യത്തിനുള്ള ആവശ്യങ്ങളായാലും വിവിധ സേവനങ്ങൾ ലഭ്യമാക്കാനുള്ള ആവശ്യങ്ങളായാലും പൊതുവേയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ആവശ്യങ്ങളായാലും അത് ഊരുതലത്തിൽ ചർച്ച ചെയ്ത് ക്രോഡീകരിച്ചുകൊണ്ട് ആവശ്യങ്ങളും പ്രശ്നങ്ങളും മനസ്സിലാക്കിയെടുക്കുകയെന്നതാണ് ഞങ്ങളുടെ ആദ്യ ലക്ഷ്യം. 2020 ജനുവരി മാസത്തോടു കൂടി കേരളത്തിലെ 2,270 ഊരുകളിലും കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ ഈ പ്രവർത്തനം നടത്താൻ സാധിക്കുമെന്ന് കരുതുന്നു. ഇതിന് വേണ്ട പ്രാഥമിക ചർച്ചകളും ജില്ലാതലത്തിലുള്ള പരിശീലനങ്ങളും പൂർത്തിയായിക്കഴിഞ്ഞു.

ഊരുതലത്തിലുള്ള ആവശ്യങ്ങളുടെ കണക്കെടുപ്പ് തയാറായതിന് ശേഷം ഓരോ കുടുംബത്തിന്റെയും വ്യക്തിഗത ആവശ്യങ്ങൾ മനസ്സിലാക്കുന്ന കുടുംബത്തിന്റെ മൈക്രോ പ്ലാൻ തയാറാക്കുകയെന്ന കുറച്ചുകൂടി ആഴത്തിലേക്കുള്ള ആവശ്യകതാ പൂർത്തീകരണ പദ്ധതികളിലേക്ക് ഞങ്ങൾ കടക്കും. ഫെബ്രുവരി – മാർച്ച് മാസങ്ങളിലാകും ഇപ്രകാരം കുടുംബങ്ങളുടെ മൈക്രോ പ്ലാൻ തയാറാക്കുക. കേരളത്തിലെ ഓരോ ആദിവാസി കുടുംബങ്ങളുടെയും മൈക്രോ പ്ലാൻ ഇപ്രകാരം കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ ഊരുതലത്തിൽ തയാറാക്കി കഴിഞ്ഞാൽ ആ പദ്ധതികൾ ഊരുകൂട്ടത്തിൽ പാസാക്കും. അതിന് ശേഷം ഈ പദ്ധതികൾ പഞ്ചായത്തിന് സമർപ്പിക്കാനും പദ്ധതിയിടുന്നു. ഊരുകൂട്ടം മുഖേന വരുന്ന ഈ പദ്ധതികൾ പഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അതിനായുള്ള പണം നൽകുകയാണെങ്കിൽ ഇത് നടപ്പാക്കുന്നത് വഴി ഊരുതലത്തിലുള്ള ആവശ്യങ്ങൾ നിറവേറ്റാൻ സാധിക്കും.

ഇപ്രകാരം ഓരോ കുടുംബത്തിന്റെയും മൈക്രോ പ്ലാൻ തയാറാക്കിയ ശേഷം ആവശ്യങ്ങൾ വകുപ്പ് തിരിച്ച് ചിട്ടപ്പെടുത്തി, ഇത്തരം ആവശ്യങ്ങൾ കുടുംബശ്രീയുടെ ട്രൈബൽ മേഖലയിലെ ആനിമേറ്റർമാർ വഴിയും പഞ്ചായത്തുകളുടെ സംയോജനങ്ങൾ വഴിയും ട്രൈബൽ വകുപ്പ് ഉൾപ്പെടെയുള്ള വകുപ്പുകളുടെ പദ്ധതിയിൽ ഉൾപ്പെടുത്തിയും ഇത്തരം ആവശ്യങ്ങൾ നിറവേറ്റിക്കൊണ്ട് ഓരോ കുടുംബത്തിന്റെയും പുരോഗതി കുടുംബശ്രീ ലക്ഷ്യമിടുന്നു. ട്രൈബൽ മേഖലയിൽ 14 ജില്ലകളിലും കുടുംബശ്രീയുടെ അസിസ്റ്റന്റ് ജില്ലാ കോർഡിനേറ്ററും ജില്ലാ പ്രോഗ്രാം മാനേജർമാർമാരുമാണ് ജില്ലാ തലത്തിൽ ഈ ക്യാമ്പെയ്ന് നേതൃത്വം നൽകുന്നത്. അവർക്ക് താഴെ കുടുംബശ്രീ ബ്ലോക്ക് കോർഡിനേറ്റർമാരും ട്രൈബൽ മേഖലയിലെ 463 ആനിമേറ്റർമാരും ഓരോ ഊരിലും ഈ ക്യാമ്പെയ്ൻ കൃത്യമായും ചിട്ടയോടും നടക്കാനുള്ള നേതൃത്വം നൽകുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള സംയോജനമാണ് ലക്ഷ്യം.

ഇത്തരത്തിൽ വരുന്ന ആവശ്യങ്ങളും പദ്ധതികളും പ്രോജക്ട് രൂപത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരിഗണിക്കുന്നതിലൂടെയും വിവിധ വകുപ്പുകൾ സേവനങ്ങൾ നൽകുന്നതിലൂടെയും ആദിവാസി വിഭാഗത്തിൽപ്പെട്ടവരുടെ നിരവധി ആവശ്യങ്ങൾ നിറവേറ്റാൻ കഴിയും. ഓരോ കുടുംബത്തിന്റെയും കൃത്യമായ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നത് വഴി ഏറ്റവും അർഹരായ ആളുകളിലേക്ക് പുരോഗതി എത്തിക്കാനും ഞങ്ങളുടെ സംഘടനാ സംവിധാനത്തിലൂടെ സാധിക്കണമെന്ന് ആഗ്രഹിക്കുന്നു.